"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - ക്ലാപ്പന എസ്.വി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.എ(നാച്ചുറൽ സയൻസ്) ശ്രീമതി.കെ.എസ്.സിന്ധു ഫയൽ ചെയ്ത WP(C)No.14680/2021 ലെ 01.09.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.78/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 04/01/2022

---

പരാമർശം:-

1. ക്ലാപ്പന എസ്.വി.എച്ച്.എസ്.എസ് മാനേജരുടെ 10.05.2013 ലെ അപ്പീൽ(എക്സിബിറ്റ് പി6)
2. ശ്രീമതി.കെ.എസ്.സിന്ധുവിന്റെ 23.11.2017 ലെ അപേക്ഷ ( എക്സിബിറ്റ് പി9)
3. ശ്രീമതി.കെ.എസ്.സിന്ധു ഫയൽ ചെയ്ത WP(C)No.14680/2021 ലെ 01.09.2021 ലെ വിധിന്യായം
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29.11.2021 ലെ ഡി.ഡി.ഇ.കെ.എൽ.എം/12561/2021-ബി3 നമ്പർ കത്ത്
5. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20.11.2021 ലെ കത്ത്
6. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 01.12.2021 ലെ ഇറ്റി1/10667/2021/ഡിജിഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ക്ലാപ്പന എസ്.വി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.എ(നാച്ചുറൽ സയൻസ്) ശ്രീമതി.കെ.എസ്.സിന്ധു ഫയൽ ചെയ്ത WP(C)No.14680/2021 ലെ 01.09.2021 ലെ വിധിന്യായത്തിൽ അഞ്ചാം എതിർ കക്ഷി ഫയൽ ചെയ്ത എക്സിബിറ്റ് പി6 അപ്പീൽ, ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി9 അപേക്ഷ എന്നിവ ഹർജിക്കാരിയെയും അഞ്ചാം എതിർ കക്ഷിയെയും ഉചിത മാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 02.12.2021-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു. ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.

"എ) കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പരിധിയിലുള്ള ക്ലാപ്പന എസ്.വി.എച്ച്.എസിൽ യു.പി.എസ്.എ ആയി 10/06/2003 മുതൽ 15/12/2003 വരെ ശ്രീമതി.പി.എസ്.മഞ്ചുവിന്റെ ശൂന്യവേതന അവധി ഒഴിവിലും 09/06/2004 മുതൽ 14/10/2004 വരെ ശ്രീമതി.പി.എസ്.മഞ്ചുവിന്റെ പ്രൊമോഷൻ ഒഴിവിലും ഹർജിക്കാരിയെ നിയമിച്ചിരുന്നു. ടി രണ്ടു നിയമനങ്ങളും കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു. 51എ അവകാശിയെന്ന നിലയിൽ അതേ തസ്തികയിലോ, വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉയർന്ന തസ്തികയിലോ നിയമനത്തിന് അർഹതയുണ്ട്.

ബി) ശ്രീമതി.ഭാഗീരഥി അമ്മ എച്ച്.എസ്.എ (എൻ.എസ്) 31/03/2006 ൽ സർവ്വീസിൽ നിന്നും വിരമിച്ച ഒഴിവിൽ ശ്രീമതി.കെ.എസ്.സിന്ധുവിനെ 05/06/2006 മുതൽ എച്ച്.എസ്.എ (എൻ.എസ്) ആയി നിയമിച്ചു. 2007-08 അദ്ധ്യയന വർഷം എച്ച്.എസ്.എ (എൻ.എസ്) ഒരു തസ്തിക കുറവു വന്നു.

അതിനാൽ ശ്രീമതി. കെ.എസ്.സിന്ധുവിനെ 05/06/2006 മുതൽ നിയമിച്ച തസ്തിക 14/07/2007 വരെ മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. എന്നാൽ 2007-08 വർഷം നിലവിലുണ്ടായിരുന്ന മറ്റൊരു എച്ച്.എസ്.എ (എൻ.എസ്) തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി. ആർ.ദീപ്തി 15/07/2007 മുതൽ 25/07/2010 വരെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. 05/06/2006 മുതൽ 14/07/2007 വരെ ശ്രീമതി.ഭാഗീരഥി അമ്മയുടെ റിട്ടയർമെന്റ് ഒഴിവും 15/07/2017 മുതൽ 25/07/2010 വരെ ശ്രീമതി. ആർ.ദീപ്തിയുടെ ശൂന്യവേതനാവധി ഒഴിവും ചേർത്ത് 05/06/2006 മുതൽ 25/07/2010 വരെ ഉള്ള നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 23/06/2009-ലെ ബി4/1769/2009/കെ.ഡിസ് പ്രകാരം അംഗീകരിച്ചു.

സി) 25/07/2010 വരെ ശൂന്യവേതനാവധിയിലായിരുന്ന ശ്രീമതി. ആർ.ദീപ്തി എച്ച്.എസ്.എ (എൻ.എസ്) 26/07/2010 മുതൽ 31/05/2015 വരെ വീണ്ടും 5 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് ശ്രീമതി.കെ.എസ്.സിന്ധുവിനെ 26/07/2010 മുതൽ 31/05/2015 വരെ വീണ്ടും നിയമിച്ചു. ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ 12/01/2010-ലെ സർക്കാർ ഉത്തരവ് (പി) നം.10/2010-ലെ വ്യവസ്ഥ പാലിച്ചിട്ടില്ല എന്ന കാരണത്താൽ നിരസിച്ചു

ഡി) ശ്രീമതി. കെ.എസ്.സിന്ധുവിന്റെ 26/07/2010 മുതൽ 31/05/2015 വരെയുള്ള നിയമനം അംഗീകരിക്കാത്തതിനെ തുടർന്ന് മാനേജർ ഗവൺമെന്റ് സെക്രട്ടറിക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ 31/05/2015 വരെ നിയമനം അംഗീകരിക്കുന്നതിന് 26/12/2012 – ലെ ഗവൺമെന്റ് കത്ത് നം. 2717/എ3/2012 പ്രകാരം ഗവൺമെന്റ് നിർദ്ദേശം നൽകി. ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.കെ.എസ്.സിന്ധുവിന്റെ നിയമനം 01/06/2011 മുതൽ 31/05/2015 വരെ ബി4/1445/2013/കെ.ഡിസ് 27/02/2013 പ്രകാരം അംഗീകരിച്ചു.

ഇ) 26/07/2010 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിക്കാത്തതു സംബന്ധിച്ച് ശ്രീമതി.കെ.എസ്.സിന്ധു ഒരു നിവേദനം ഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും അത് പരിഗണിക്കാതെ 13/09/2018-ലെ എ3/54/2018/പൊ.വി.വ കത്ത് പ്രകാരം നിരസിച്ചു നിരസിച്ചതിനുള്ള കാരണം ചുവടെ ചേർക്കുന്നു.

"01/06/2011 ന് മുമ്പുള്ള കാലയളവിലെ നിയമനം സംബന്ധിച്ച പൊതുവായ വിഷയം (സർക്കാർ ഉത്തരവ് (പി) നം.10/10/പൊ.വി.വ തീയതി 12/01/2010) ബഹു. സുപ്രീംകോടതിയുടെ പരിഗണനയിൽ ഉള്ളതും (order dtd. 11/08/17 in CA No. 3490/16) സ്റ്റേ ചെയ്തിരിക്കുന്നതുമായതിനാൽ ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിക്ക് അനുസരിച്ച് മാത്രമെ അംഗീകരിച്ച് നൽകുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളാൻ ആവുകയുള്ളൂ. ആയതിനാൽ ശ്രീമതി. കെ.എസ്.സിന്ധുവിന്റെ നിവേദനം പരിഗണനാർഹമല്ല"

എഫ്) ശ്രീമതി. കെ.എസ്.സിന്ധു ഫയൽ ചെയ്ത 14680/2021 റിട്ട് പെറ്റീഷനിലെ വിധിന്യായത്തിൽ Exbt P12 റദ്ദാക്കുന്നതിനും Exbt P6, P9 എന്നിവ പരിഗണിക്കുന്നതിനുമാണ് ഉത്തരവായത്. 26/07/2010 മുതൽ 31/05/2011 വരെയുള്ള നിയമനം 25/07/2010 വരെ അംഗീകരിച്ചതിന്റെ തുടർച്ചയായി പരിഗണിക്കുന്നതിന് ബഹു. കേരള ഹൈക്കോടതിയുടെ 01/08/2017-ലെ WA. 2111/2015 വിധിന്യായം കൂടി പരിഗണിക്കാമെന്നാണ് പ്രസ്താവിച്ചിരിക്കുന്നത്. വിധിന്യായത്തിന്റെ പ്രസ്തുത ഭാഗം ചുവടെ ചേർക്കുന്നു.

The 1st respondent (Secretary to Government) is directed to reconsider Exbt. P6 appeal filed by the 5th respondent and take a decision taking note of the law laid down by this court in Sumadevi VS (Supra) order shall be passed expeditiously in any event within a period of three months from the date of receipt of a copy of the judgement.

While considering the representation the Secretary to Government shall bear in mind that the manager would be deemed to have executed bond and also that they would be obliged to make appointments from the list of protected teacher equal to the number of appointment approved during the ban period.

ജി) ബഹു. കേരള ഹൈക്കോടതിയിൽ പിന്നീട് ഫയൽ ചെയ്ത W.A 332/2017, 1931/2018,

2377/2018, 2504/18, 300/19 റിട്ട് അപ്പീലുകൾ ബഹു. കേരള ഹൈക്കോടതി തീർപ്പാക്കി വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നത് W.A 2111/2015 ആധാരമാക്കിയാണ്. പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പരിധിയിലുള്ള പുനലൂർ ബോയ്സ് ഹൈസ്കൂളിലെ പാർട്ട് ടൈം അദ്ധ്യാപികയായ ശ്രീമതി. എ നസിയയുടെ നിയമനം WA 300/2019 ന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ബി2/1246/2018, 15/02/2020 പ്രകാരം അംഗീകരിച്ചു.

എച്ച്) W.A 2111/2015-ലെ വിധിന്യായം ആധാരമാക്കി റിട്ട് അപ്പീൽ 300/2019-ലെ വിധിന്യായത്തിൽ 12/01/2010-ലെ സ.ഉ (പി) നം.10/10/പൊ.വി.വ എന്ന ഉത്തരവിലെ നിബന്ധന നിറവേറി കിട്ടി എന്ന് കണക്കാക്കികൊണ്ട് നിരോധിത കാലയളവിൽ അധിക തസ്തികകളിൽ മാനേജർ നടത്തിയ നിയമനങ്ങൾക്ക് തുല്യ എണ്ണം ഭാവിയിൽ ഉണ്ടാകുന്ന മുഴുവൻ ഒഴിവുകളിലും സംരക്ഷിത അദ്ധ്യാപകരുടെ ലിസ്റ്റിൽ നിന്നും നിയമിച്ചുകൊള്ളണമെന്ന വ്യവസ്ഥ മാനേജർ പാലിക്കണമെന്ന് നിർദ്ദേശിച്ച് ശ്രീമതി. എ നസിയയുടെ പാർട്ട് ടൈം ഉറുദു ടീച്ചർ നിയമനം അംഗീകരിച്ചതിന് സമാനമായി ശ്രീമതി.കെ.എസ്.സിന്ധുവിന്റെ 26/07/2010 മുതൽ 31/05/2011 വരെയുള്ള കാലയളവ് അംഗീകരിച്ചു നൽകുവാനും സാമ്പത്തിക ആനുകൂല്യങ്ങൾ കണക്കാക്കി വിതരണം നടത്തുന്നതിന് 01/10/2019-ലെ പൊതുവിദ്യാഭ്യാസ വകുപ്പ് എസ്1/113/2018/പൊ.വി.വ കത്ത് പ്രകാരവും 12/01/2010 ലെ സ.ഉ.(പി) നം.10/10/പൊ.വി.വ പ്രകാരവും മുകളിൽ നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിൽ വരുത്തുവാനും 26/07/2010 മുതൽ ശ്രീമതി.കെ.എസ്.സിന്ധുവിന് നിയമനാംഗീകാരം നൽകുന്നതിനും സാമ്പത്തിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാനും കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് വേണ്ട നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു."

2 ) പൊതു വിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാവിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എ) ക്ലാപ്പന എസ്.വി.എച്ച്.എസ്.എസിലെ എച്ച്.എസ്.ടി (എൻ.എസ്) അദ്ധ്യാപികയായ ശ്രീമതി.ഭഗീരഥി അമ്മ 31/03/2006 ൽ വിരമിച്ചതു മൂലമുണ്ടായ ഒഴിവിലാണ് ശ്രീമതി.കെ.എസ്.സിന്ധുവിനെ എച്ച്.എസ്.ടി (എൻ.എസ്) ആയി 05/06/2006 മുതൽ നിയമിച്ചത്. 2007-08 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി സ്കൂളിൽ എച്ച്.എസ്.ടി (എൻ.എസ്)ന്റെ ഒരു തസ്തിക കുറവ് വന്നിരുന്നു. ശ്രീമതി.കെ.എസ്.സിന്ധുവിന്റെ എച്ച്.എസ്.ടി (എൻ.എസ്) തസ്തികയിലെ നിയമനം 05/06/2006 മുതൽ 14/07/2007 വരെ ശ്രീമതി.ഭഗീരഥി അമ്മയുടെ റിട്ടയർമെന്റ് ഒഴിവിലും 15/07/2007 മുതൽ 25/07/2010 വരെ ശ്രീമതി.ആർ.ദീപ്തി, എച്ച്.എസ്.ടി (എൻ.എസ്) ന്റെ ശൂന്യവേതനാവധി ഒഴിവിലും 23/06/2009 ലെ ബി4/1769/2009/കെ.ഡിസ് നമ്പർ നടപടി ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി.ആർ.ദീപ്തി, എച്ച്.എസ്.ടി (എൻ.എസ്) അനുവദിച്ച് നൽകിയ ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 26/07/2010 മുതൽ 31/05/2015 വരെ ശൂന്യവേതനാവധിക്ക് അപേക്ഷ സമർപ്പിക്കുകയും 15/05/2010 ലെ ജി.ഒ (ആർ.റ്റി) നം.2040/10/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ടിയാൾക്ക് അവധി അനുവദിച്ചു കിട്ടുകയും ചെയ്തു. പ്രസ്തുത അവധി ഒഴിവിൽ 26/07/2010 മുതൽ 31/05/2015 വരെ ശ്രീമതി.കെ.എസ്.സിന്ധുവിന് പുന:നിയമനം നൽകുകയും നിയമനാംഗീകാരത്തിന് വേണ്ടിയുള്ള പ്രൊപ്പോസൽ യഥാസമയം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കുകയും ചെയ്തു.

ബി) എന്നാൽ, 12/01/2010 ലെ ജി.ഒ(പി)നം.10/10/പൊ.വി.വ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരമുള്ള സത്യ പ്രസ്താവന മാനേജർ ഹാജരാക്കിയിട്ടില്ലെന്ന കാരണത്താൽ പ്രസ്തുത നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ 31/03/2011 ലെ ബി.4/7066/2011/കെ.ഡിസ് നമ്പർ കത്ത് പ്രകാരം നിരസിച്ചു നൽകി. അതിനെതിരെ സമർപ്പിച്ച റിവിഷൻ ഹർജി സർക്കാർ പരിഗണിക്കുകയും ശ്രീമതി.കെ.എസ്.സിന്ധുവിന്റെ എച്ച്.എസ്.ടി (എൻ.എസ്) തസ്തികയിലെ ശൂന്യവേതനാവധി ഒഴിവിലെ 26/07/2010 മുതലുള്ള നിയമനം 01/06/2011 മുതൽ അംഗീകരിച്ചു നൽകുവാൻ 26/12/2021 ലെ 2717/എ3/2012/പൊ.വി.വ നം. കത്ത് പ്രകാരം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അതിൻപ്രകാരം ശ്രീമതി.ആർ.ദീപ്തി, എച്ച്.എസ്.ടി (എൻ.എസ്) ന്റെ 26/07/2010 മുതൽ 31/05/2015 വരെയുള്ള ശൂന്യവേതനാവധി മൂലമുണ്ടായ സ്ഥിരീകരിക്കപ്പെട്ട ഒഴിവിൽ 01/06/2011 മുതൽ 31/05/2015 വരെയുള്ള കാലയളവിൽ ശ്രീമതി.കെ.എസ്.സിന്ധുവിന്റെ നിയമനം 27/02/2013 ലെ ബി.4/445/2013/കെ.ഡിസ് പ്രകാരം

അംഗീകരിച്ചു നൽകി.

സി) ടിയാളുടെ നിയമന കാലയളവിൽ സർവ്വീസ് ബ്രേക്ക് ഉണ്ടായിരിക്കുന്ന 26/07/2010 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ നിയമനാംഗീകാരത്തിന് വേണ്ടി ശ്രീമതി.കെ.എസ്.സിന്ധു 23/11/2017 ന് റിവിഷൻ ഹർജി സർക്കാരിന് സമർപ്പിച്ചു. പൊതുവിദ്യാഭ്യാസ (എ) വകുപ്പിന്റെ എ.3/54/18/പൊ.വി.വ തീയതി 13/09/2018 ലെ ഉത്തരവ് പ്രകാരം 01/06/2011 ന് മുൻപുള്ള കാലയളവിലെ നിയമനം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധിയ്ക്ക് അനുസരിച്ച് മാത്രമേ അംഗീകരിച്ചു നൽകുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാനാവുകയുള്ളൂ എന്നതിനാൽ ശ്രീമതി.സിന്ധു കെ.എസിന്റെ റിവിഷൻ ഹർജി നിലവിൽ പരിഗണനാർഹമല്ല എന്ന കാരണത്താൽ തീർപ്പാക്കി ഗവൺമെന്റ് ഉത്തരവ് നൽകിയിരുന്നു. ഇതിന് എതിരായി ശ്രീമതി.കെ.എസ്.സിന്ധു ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നം. 14680/2021 കേസിന്റെ വിധിന്യായം നടപ്പിലാക്കുന്ന വിഷയമാണ് ഇപ്പോൾ സർക്കാർ മുമ്പാകെയുള്ളത്.

ഡി) 2006-07 വർഷത്തെ റഗുലർ തസ്തികയിലെ സ്ഥിരിക്കപ്പെട്ട ഒഴിവിൽ ശ്രീമതി.കെ.എസ്.സിന്ധു, എച്ച്.എസ്.ടി (എൻ.എസ്) ന് 05/06/2006 മുതൽ 14/07/2007 വരെ അംഗീകൃത സർവ്വീസുണ്ട്. 2007-08 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം തസ്തിക നഷ്ടപ്പെട്ട് ടിയാൾ അധികമാകുന്നുണ്ടെങ്കിലും ശ്രീമതി.ആർ.ദീപ്തി, എച്ച്.എസ്.ടി (എൻ.എസ്) ന്റെ ശൂന്യവേതനാവധി മൂലമുണ്ടായ സ്ഥിരീകരിക്കപ്പെട്ട ഒഴിവിൽ ടിയാളെ 15/07/2007 മുതൽ 25/07/2010 വരെ ഉൾപ്പെടുത്തി ക്രമീകരിക്കുകയും നിയമനാംഗീകാരം നൽകുകയും ചെയ്തു. ശ്രീമതി.ആർ.ദീപ്തി, എച്ച്.എസ്.ടി (എൻ.എസ്) നേരത്തേ അനുവദിച്ചു കിട്ടിയിരുന്ന ശൂന്യവേതനാവധിയ്ക്ക് തുടർച്ചയായി 26/07/2010 മുതൽ തന്നെ എച്ച്.എസ്.ടി (എൻ.എസ്) തസ്തികയിൽ സ്ഥിരീകരിക്കപ്പെട്ട ഒഴിവുണ്ട്. പ്രസ്തുത ഒഴിവിലാണ് സ്കൂൾ മാനേജർ ശ്രീമതി.കെ.എസ്.സിന്ധുവിന് 26/07/2010 മുതൽ പുന:നിയമനം നൽകിയിട്ടുള്ളത്.

ഇ) ശ്രീമതി.കെ.എസ്.സിന്ധു, എച്ച്.എസ്.ടി (എൻ.എസ്) ലെ റിട്രെഞ്ച്ഡ് അദ്ധ്യാപിക ആയതിനാലും, ടിയാൾ 15/07/2007 മുതൽ ശ്രീമതി.ആർ.ദീപ്തി, എച്ച്.എസ്.ടി (എൻ.എസ്) ന്റെ ശൂന്യവേതനാവധിയിൽ 25/07/2010 വരെ നിയമനാംഗീകാരത്തോടെ തുടർന്നു വന്ന അദ്ധ്യാപിക ആയതിനാലും അതിന് തുടർച്ചയായി 26/07/2010 മുതൽ ഉണ്ടായ സ്ഥിരീകരിക്കപ്പെട്ട ശൂന്യവേതനാവധി ഒഴിവിൽ നിയമിക്കപ്പെടേണ്ട ചട്ട പ്രകാരമുള്ള നിയമനാവകാശിയാണ് പരാതിക്കാരിയായ ശ്രീമതി.കെ.എസ്.സിന്ധു. ആയതിനാൽ 12/01/2010 ലെ ജി.ഒ(പി) നം.10/10/പൊ.വി.വ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ഹർജിക്കാരിയുടെ 26/07/2010 മുതലുള്ള പുന:നിയമനത്തിൽ ബാധകമാക്കേണ്ടതില്ലായെന്ന് വിലയിരുത്തുന്നു.

എഫ്) മേൽ സാഹചര്യത്തിൽ ശ്രീമതി.ആർ.ദീപ്തി, എച്ച്.എസ്.ടി (എൻ.എസ്) ന്റെ ശൂന്യവേതനാവധി ഒഴിവിൽ 26/07/2010 മുതൽ 31/05/2011 വരെ നിയമനം അംഗീകരിച്ചു നൽകണമെന്ന ശ്രീമതി.കെ.എസ്.സിന്ധു, എച്ച്.എസ്.ടി (എൻ.എസ്) ന്റെ ആവശ്യം പരിഗണനാർഹമാണെന്ന് ഇത്തരുണത്തിൽ അറിയിക്കുന്നു."

3) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. സേവനഭംഗം ഉണ്ടായിരിക്കുന്ന 26/07/2010 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ നിയമനാംഗീകാരത്തിന് വേണ്ടിയാണ് ഹർജിക്കാരിയായ ശ്രീമതി.കെ.എസ്.സിന്ധു സർക്കാരിനെ വീണ്ടും സമീപിച്ചിരിക്കുന്നത്. 26/07/2010 മുതൽ ഉണ്ടായ സ്ഥിരീകരിക്കപ്പെട്ട ശൂന്യവേതനാവധി ഒഴിവിൽ നിയമിക്കപ്പെടേണ്ട ചട്ട പ്രകാരമുള്ള നിയമനാവകാശിയാണ് ഹർജിക്കാരിയായ ശ്രീമതി.കെ.എസ്.സിന്ധു എന്ന വസ്തുത കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ അക്കാര്യം ശുപാർശചെയ്ത് റിപ്പോർട്ട് ഹാജരാക്കിയിട്ടുമുണ്ട്. ഈ വസ്തുത പരിശോധിക്കുമ്പോൾ ചട്ടപ്രകാരമുള്ള നിയമനാവകാശിയുടെ പുനർനിയമനത്തിന്റെ കാര്യത്തിൽ നിയമനനിരോധനമോ 12/01/2010 ലെ ജി.ഒ(പി) നം.10/10/പൊ.വി.വ സർക്കാർ ഉത്തരവിലെ വ്യവസ്ഥകളോ ബാധകമാകുന്നില്ല എന്ന കാര്യം

ശ്രദ്ധിച്ചു. അതിനാൽ കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ചൂണ്ടിക്കാട്ടിയ വസ്തുത കണക്കിലെടുത്തു കൊണ്ട്, 26/07/2010 മുതൽ 31/05/2011 വരെയുള്ള കാലയളവിലെ ഹർജിക്കാരിയായ ശ്രീമതി.കെ.എസ്. സിന്ധുവിന്റെ നിയമനം അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി, മാനേജർ ഫയൽ ചെയ്ത എക്സിബിറ്റ്.പി. 6 അപ്പീൽ, ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ്.പി. 9 അപേക്ഷ എന്നിവ തീർപ്പാക്കി അപ്രകാരം ക്ലാപ്പന എസ്.വി.എച്ച്.എസ്.എസ് ലെ എച്ച്.എസ്.എ(നാച്ചുറൽ സയൻസ്) ശ്രീമതി.കെ.എസ്.സിന്ധു ഫയൽ ചെയ്ത WP(C)No.14680/2021 ലെ 01.09.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്.വി

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എസ്.വി.എച്ച്.എസ്.എസ്, ക്ലാപ്പന, കരുനാഗപ്പള്ളി, കൊല്ലം
ശ്രീമതി.കെ.എസ്.സിന്ധു, എച്ച്.എസ്.എ (നാച്ചുറൽ സയൻസ്), എസ്.വി.എച്ച്.എസ്.എസ്, ക്ലാപ്പന, കരുനാഗപ്പള്ളി, കൊല്ലം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 06-01-2022 10:31:28
Reason: Approved

സെക്ഷൻ ഓഫീസർ